# KERALA INDUSTRIAL INFRASTRUCTURE DEVELOPMENT CORPORATION

(A Statutory Body of Government of Kerala)
KINFRA House, T.C.31/2312, Sasthamangalam, Trivandrum - 695 010
Tel : 0471-2726585, Fax : 0471-2724773

KINFRA/GAV/038/2016-17 03-02-2017

## ലേലം / ദർഘാസ് പരസ്യം

തിരുവനന്തപുരം ജില്ലയിൽ, തോന്നക്കൽ താലൂക്കിൽ, കിൻഫ്രയുടെ അധീനതയിലുള്ള ഗ്ലോബൽ ആയുർവേദ വില്ലേജിനു വേണ്ടിയുള്ള സ്ഥലത്ത് തടസ്സമായി നിൽക്കുന്നതും മുറിച്ചിട്ടതുമായ 340 റബ്ബർ, 16 തെങ്ങ്, 2 കശുമാവ്, 1 അക്കേഷ്യ എന്നീ മരങ്ങൾ (തടിയും വിറകും) മറ്റു വസ്തുക്കൾക്കും മരങ്ങൾക്കും കേടുപാടുകൾ കൂടാതെ മുറിച്ച് കൊണ്ടുപോക്കുന്നതിനുള്ള അവകാശത്തിനായി ദർഘാസ് / സമാന്തരമായി പരസ്യ ലേലം മുഖേന ലഭിക്കുന്നതിന് താൽപര്യമുള്ളവരിൽ നിന്നും മുദ്ര വെച്ച ടെണ്ടർ ക്ഷണിച്ചുകൊള്ളുന്നു.

### ഏകദേശം മുറിച്ചു മാറ്റേണ്ട മരം/വിറകിന്റെ വിവരങ്ങൾ

| ക്രമ നമ്പർ | മരങ്ങൾ | ഏകദേശം മരങ്ങളുടെ എണ്ണം | അടിസ്ഥാന വില (₹) | | നിരതദ്രവ്യ തുക | ദർഘാസിന്റെ വില (വാറ്റ് അടക്കം) |
|---|---|---|---|---|---|---|
| | | | തടി | വിറക് | | |
| 1 | 2 | 3 | 4 | | 5 | 6 |
| **1** | റബ്ബർ | **340** | **1,77,091/-** | **1,15,099/-** | **₹ 8,200/-** | **₹ 690/-** |
| **2** | തെങ്ങ് | **16** | **1,720/-** | **--** | | |
| **3** | അക്കേഷ്യ | **1** | **29,024/-** | **461/-** | | |
| **4** | കശുമാവ് | **2** | **4,279/-** | **281/-** | | |
| | ആകെ | **359** | **₹ 3,27,955/-** | | | |

ദർഘാസുകൾ കിൻഫ്രയുടെ ശാസ്തമംഗലം ഓഫീസിൽ നിന്നും (ഫോൺ : 0471 2726585) **03/02/2017** മുതൽ **15/02/2017** വരെ നൽകുന്നതാണ്. മുദ്രവെച്ച ദർഘാസുകൾ കിൻഫ്ര ശാസ്തമംഗലം ഓഫീസിൽ **15/02/2017 ഉച്ചക്ക് 2:00** വരെ സ്വീകരിക്കുന്നതും **15/02/2017 ഉച്ചക്ക് 2:30** ന് ഹാജരായിട്ടുള്ള കരാറുകാരന്റെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതുമാണ്. ദർഘാസിലോ, ലേലത്തിലോ ഏതിലാണ് ഉയർന്ന തുക, ആ തുക കരാർ തുക ആയിരിക്കും. ദർഘാസ് ഫോറങ്ങൾ കിൻഫ്രയുടെ ശാസ്തമംഗലം ഓഫീസിൽ നിന്നും എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 9:30 മണി മുതൽ വൈകുന്നേരം 5:00 മണിവരെ (15/02/2017 ഉച്ചക്ക് 1:00 വരെ മാത്രം) ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡിന്റെ കോപ്പി സഹിതം രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസുകളോടൊപ്പം നിശ്ചയിക്കുന്ന നിരതദ്രവ്യം മാനേജിംഗ് ഡയറക്ടർ, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്ന പേരിൽ തിരുവനതപുരത്ത് മാറാവുന്ന ഡി.ഡി. കൂടെ സമർപ്പിക്കേണ്ടതാണ്. ആവശ്യമായ നിരതദ്രവ്യം ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. ദർഘാസ് സമർപ്പിച്ചവർക്ക് മാത്രമെ ലേലത്തിൽ പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുകയുള്ളു. ലേലത്തിൽ പങ്കെടുക്കുന്നവർ ടെണ്ടറിനോടൊപ്പം സമർപ്പിക്കുന്ന ഡി.ഡി.യുടെ പകർപ്പ് കൈയ്യിൽ സൂക്ഷിക്കേണ്ടതാണ്. ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി സ്വന്തം ഉത്തരവാദിത്വത്തിൽ, നിലവിലെ നിയമങ്ങൾക്ക് വിധേയമായി ദർഘാസ് നിബന്ധനകൾ അനുസരിച്ച് മറ്റ് മരങ്ങൾക്കും വസ്തുക്കൾക്കും കേടുപാടുകൂടാതെ മരങ്ങൾ മുറിച്ചുമാറ്റി കൊണ്ടുപോകേണ്ടതാണ്. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏതൊരു / എല്ലാ ദർഘാസും നിരസിക്കാനുള്ള അധികാരം മാനേജിംഗ് ഡയറക്ടറിൽ / ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.

**Sd/-**
**മാനേജിംഗ് ഡയറക്ടർ**
കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ